പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1749 — 03.05.2017 -ൽ മറുപടിക്ക്.

## മണ്ണെണ്ണ വിഹിതത്തിലെ കുറവ്

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.അനൂപ് ജേക്കബ്**<br>**ശ്രീ.കെ.എസ്.ശബരീനാഥൻ**<br>**ശ്രീ.റോജി എം. ജോൺ**<br>**ശ്രീ.എ.പി. അനിൽ കുമാർ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന മണ്ണെണ്ണ വിഹിതത്തിൽ കേന്ദ്രം വീണ്ടും വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ ;<br>(ബി) ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം തയ്യാറാക്കിയ മുൻഗണനാ പട്ടികയുടെ അടിസ്ഥാനത്തിലാണോ കേന്ദ്രം മണ്ണെണ്ണ വിഹിതത്തിൽ കുറവ് വരുത്തിയതെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) ഉണ്ട്. കഴിഞ്ഞ കുറേ വർഷങ്ങളായി കേന്ദ്രത്തിൽ നിന്നും ലഭ്യമാകുന്ന മണ്ണെണ്ണയുടെ വിഹിതത്തിൽ തുടർച്ചയായ കുറവ് വരുന്നുണ്ട്. പി.ഡി.എസ് മണ്ണെണ്ണ പാചക ആവശ്യത്തിനും വിളക്ക് കത്തിക്കാനും മാത്രമേ ഉപയോഗിക്കാവൂ എന്ന് കേന്ദ്രം കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. പാചക വാതക കണക്ഷനുകളിലും വൈദ്യുതീകരിച്ച വീടുകളുടെ എണ്ണത്തിലുണ്ടായ ആനുപാതിക വർദ്ധനവ് മണ്ണെണ്ണ വിഹിതം കുറയ്ക്കുവാൻ കാരണമായിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ നിയമവും മണ്ണെണ്ണയുമായി ബന്ധമൊന്നുമില്ല. |
| (സി) മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിഹിതത്തിലും കുറവ് വരുത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര കുറവ് വരുത്തിയെന്നും അത് പുന:സ്ഥാപിക്കുവാൻ എന്ത് നടപടി സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ? | (സി) ഉണ്ട്. കേന്ദ്രത്തിൽ നിന്നും അനുവദിക്കുന്ന മണ്ണെണ്ണയുടെ അളവ് ഓരോ ത്രൈമാസത്തിലും കുറഞ്ഞു വരുന്ന സാഹചര്യത്തിൽ മത്സ്യബന്ധന മേഖലയ്ക്ക് നല്കി വന്നിരുന്ന 2525 കിലോ ലിറ്റർ മണ്ണെണ്ണയിൽ ആനുപാതികമായ കുറവ് വരുത്തിയിട്ടുണ്ട്. മണ്ണെണ്ണയുടെ വിഹിതം പുന:സ്ഥാപിച്ച് നല്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു എങ്കിലും അനുകൂല നടപടികൾ ഉണ്ടായിട്ടില്ല. കേന്ദ്രത്തിൽ നിന്ന് വെള്ള മണ്ണെണ്ണ വാങ്ങി സബ്സിഡിയോടു കൂടി മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്ന പദ്ധതി മത്സ്യഫെഡ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. മാത്രമല്ല പി.ഡി.എസ് മണ്ണെണ്ണ മത്സ്യബന്ധനാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് കേന്ദ്രം അംഗീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ